**K23P 1362**

Reg. No.: ................................

Name : ....................................

**III Semester M.A. Degree (C.B.S.S. – Reg./Supple./Imp.)**
**Examination, October 2023**
**(2020 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 3E 03/MAL EL05 : Literature and Philosophy**

Time : 3 Hours　　　　　　　　　　　　　　　　Max. Marks : 80

I. **എല്ലാ** ചോദ്യങ്ങൾക്കും **ഈരണ്ടു പുറ**ത്തിൽ ഉത്തരമെഴുതുക.

1) ''നരൻ ക്രമാൽത്തന്റെ ശവം ചവുട്ടി –
പ്പോകുന്നൊരിപ്പോക്കുയരത്തിലേക്കോ?'' എന്ന വരികളിൽ കവി മുന്നോട്ടു വെക്കുന്ന ദർശനമെന്ത് ?

2) ''പ്രപഞ്ചഭൂമിയിൽ വിതച്ച വിത്തിൽ
ഫലത്തെ നാം കൊയ്‌വൂ'' – എന്ന ആദർശത്തിന്റെ ദാർശനിക മണ്ഡലമെന്ത് ?

3) ''ഇരുണ്ട അറയിലിരുന്നു മരണത്തെ പരിഹസിച്ചു തോല്പിച്ച് ദു:ഖത്തോടെ പുറത്തു കടക്കുമ്പോൾ ഫലിതം പൂർത്തിയാവുന്നു''എന്ന മയൂരനാഥന്റെ വാക്കുകളിൽ തെളിയുന്ന ദർശനമെന്ത് ?

4) ''സമൂഹത്തിലെ ഭ്രഷ്ടരായവരുടെ പ്രതീകമാണ് വെള്ളപ്പൊക്കത്തിലെ പട്ടി'' – പരിശോധിക്കുക.

5) ധൈഷണികതയിൽ നിന്ന് ആത്മീയതയുടെ ഭ്രാന്തമായ നിസ്സഹായതയിലേക്ക് എടുത്തെറിയപ്പെടുന്ന കഥാപാത്രമാണ് രമേഷ് – സമർത്ഥിക്കുക.　**(5×4=20)**

II. **നാലു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) എ) മാരാരുടെ ലീലാനിരൂപണം സസൂറിന്റെ ഭാഷാശാസ്ത്ര സങ്കല്പനങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ ? ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) അദ്വൈത ദർശനത്തിന്റെ ആവിഷ്കാരം എന്ന നിലയിൽ ദൈവദശകത്തെ വിശകലനം ചെയ്യുക.

P.T.O.



7) എ) ''ദ്വൈതമദ്വൈതം ഏവമോരോ വാദങ്ങളാൽ
പൈതങ്ങളടിപിടികൂടുന്നു വൃഥാ തന്നെ'' – വിശദീകരിക്കുക.

**അല്ലെങ്കിൽ**

ബി) മനുഷ്യത്വം എന്ന പദത്തിലൂന്നിയുള്ള റിയലിസത്തിലാണ് 'ഓടയിൽ നിന്ന്' എന്ന നോവലിലെ പപ്പു നിലകൊള്ളുന്നത്. – പരിശോധിക്കുക.

8) എ) കൃഷിക്കാരൻ പ്രകൃതിയിലെ സചേതനവും അചേതനവുമായ ഘടകങ്ങളോട് പുലർത്തുന്ന ആത്മബന്ധമാണ് ശബ്ദിക്കുന്ന കലപ്പ അവതരിപ്പിക്കുന്നത് – സമർത്ഥിക്കുക.

**അല്ലെങ്കിൽ**

ബി) മാർക്സിയൻ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ മാനവിക ബോധത്തിൽ വിശ്വാസമർപ്പിക്കുന്ന കവിത എന്ന നിലയിൽ 'പനി' മുന്നോട്ടുവെക്കുന്ന ദർശനങ്ങളെന്തെല്ലാം ?

9) എ) ''ബംഗാളിൽ ധൃതരാഷ്ട്രരുടെ സ്വഗതാഖ്യാനത്തിൽ നിറഞ്ഞു നിൽക്കുന്ന ഉപരിവർഗ്ഗത്തിന്റെ ഭീതിയിൽ അക്കാലത്തെ വിപ്ലവാഭിമുഖ്യമുണ്ടായിരുന്ന മദ്ധ്യവർഗ്ഗത്തിന്റെ ഭീതി കൂടി അബോധമായി കലർന്നിരിക്കുന്നു'' – വിലയിരുത്തുക.

**അല്ലെങ്കിൽ**

ബി) അസ്തിത്വവാദ ദർശനങ്ങളുടെ പരിപ്രേഷ്യത്തിൽ സാക്ഷി എന്ന നോവലിനെ അപഗ്രഥിക്കുക.

10) എ) ആഗോള സാമ്രാജ്യം എന്ന പരികല്പനയുടെ പ്രസക്തിയെന്ത് ?

**അല്ലെങ്കിൽ**

ബി) മനുഷ്യബന്ധങ്ങളിൽ അധികാരം നടത്തുന്ന ഇടപെടലുകളും സാഹചര്യങ്ങൾ വരുത്തുന്ന മാറ്റവും അന്ധകാരനഴി രേഖപ്പെടുത്തുന്നതെങ്ങനെ ?　**(5×6=30)**



III. **ആറു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) എ) പ്രപഞ്ച സ്നേഹത്തിന്റെയും മാനവിക ഐക്യത്തിന്റെയും ആത്മീയവും വിശാലവുമായ തലമാണ് ജി. യുടെ വിശ്വദർശനം അവതരിപ്പിക്കുന്നത് – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) അദ്വൈത ചിന്തയേയും അതിന്റെ ദാർശനികമാനങ്ങളേയും മലയാള കവിത എത്രകണ്ട് സ്വാംശീകരിച്ചിട്ടുണ്ട് ? മാതൃകകളെ മുൻനിർത്തി വിശദീകരിക്കുക.

12) എ) മതേതരത്വത്തിന്റെയും ബഹുസ്വരതയുടെയും അടയാളമായി നിന്നുകൊണ്ട് സൂഫി പറഞ്ഞ കഥ മുന്നോട്ടു വെക്കുന്ന ദാർശനിക മണ്ഡലത്തെ വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

ബി) സൂഫിസം, സെൻബുദ്ധിസം, താവോയിസം എന്നീ ദർശനങ്ങളുടെ സാധ്യതകൾ വിശദമാക്കുക.

13) എ) വിശ്വാത്മകമായ സാഹോദര്യത്തെ പ്രകീർത്തിക്കുന്ന രചന എന്ന നിലയിൽ സുന്ദരികളും സുന്ദരൻമാരും സംവേദനം ചെയ്യുന്ന ദർശനങ്ങളെന്തെല്ലാം ?

**അല്ലെങ്കിൽ**

ബി) മനുഷ്യത്വവും മനുഷ്യത്വ രാഹിത്യവും ഒരേ പോലെ സമ്മേളിക്കുന്ന കഥയാണ് മാണിക്കൻ – പരിശോധിക്കുക.　**(3×10=30)**